ഭോപ്പാൽ വാതകച്ചോർച്ചയുടെയും
പ്ലാച്ചിമട പ്രശ്നത്തിന്റെയും എല്ലാ ചർച്ചകളും
എഴുത്തുകളും നിരാകരിക്കുമ്പോൾ തന്നെ ഒരു
മന്ത്രിയുടെയോ രാഷ്ട്രീയ നേതാവിന്റെയോ
സുരക്ഷാക്രമീകരണത്തിലെ ചെറിയ പാളിച്ചപോലും
എങ്ങിനെയാണ് വലിയ വാർത്തയാകുന്നത്?
ഭരണതലത്തിലെ ചില ഉന്നത ഉദ്യോഗസ്ഥൻമാരു
ടെയും മാധ്യമങ്ങളുടെയും കൂറ് വികസനത്തിന്റെ
ഏത് മാതൃകകളോടാണെന്ന്

**കെ. ശാരദാമണി** വിലയിരുത്തുന്നു

## ഭോപ്പാലും പ്ലാച്ചിമടയും

# സാധാരണക്കാരന്റെ വിലയും വികസനവും

ഒരു മലയാളം ടിവി ചാനലിൽ 'സിറ്റിസൺ ജേണലിസ്റ്റ്' എന്ന റിയാലിറ്റി ഷോ ശ്രദ്ധിക്കുകയായിരുന്നു ഞാൻ. കൃത്യമായ ദൃശ്യങ്ങളോടെ ഒരു മേഖലയിലെ മുഴുവൻ ജനങ്ങളും അനുഭവിക്കുന്ന സാമൂഹ്യപ്രശ്നം അവതരിപ്പിയ്ക്കുകയാണ് ഒരു ചെറുപ്പക്കാരൻ. സ്ഥലം എം.എൽ.എക്ക് സംഭവത്തെപ്പറ്റി ഒരറിവുമില്ലായിരുന്നു. തെരഞ്ഞെടുപ്പുകാലത്ത് മാത്രമേ ദരിദ്രജനവിഭാഗങ്ങൾ ഓർമ്മിയ്ക്കപെടുന്നുള്ളൂ എന്ന് അവർക്കറിയാം. വിധി കർത്താക്കളിൽ രണ്ടുപേർ ചെറുപ്പക്കാരന്റെ ഈ ഉദ്യമത്തെ പ്രകീർത്തിച്ചു സംസാരിച്ചു. മൂന്നാമൻ – ഒരു സർക്കാർ വക്താവ് – സർക്കാരിന്റെ വിജയകരമായ പദ്ധതികളേയും അങ്ങനെ രക്ഷപ്പെട്ട ആളുകളെയും ചൂണ്ടിക്കാണിച്ചുകൊണ്ട് വീഡിയോയിൽ കണ്ടതുപോലുള്ള ജനങ്ങളെ കൈപിടിച്ചുയർത്തുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്നു മാത്രമാണ് വിലയിരുത്തിയത്. എന്തു പറയാൻ?

കുറച്ചു ദിവസങ്ങൾക്കു മുമ്പ് മേൽപറഞ്ഞയാളേക്കാൾ പ്രധാനപ്പെട്ട മറ്റൊരു സർക്കാർ ഉദ്യോഗസ്ഥൻ പ്ലാച്ചിമടയെ കൊക്കാക്കോള ഫാക്ടറി പൂട്ടിയതിനെ എതിർത്ത് സംസാരിച്ചു. തന്മൂലമുണ്ടായ തൊഴിൽ, നികുതി നഷ്ടങ്ങളെക്കുറിച്ച് ഊന്നിപ്പറഞ്ഞു. ആ കമ്പനി പ്രവർത്തിച്ചതു കാരണം വെള്ളത്തിനും മണ്ണിനുമുണ്ടായ കെടുതികളെക്കുറിച്ച് അദ്ദേഹം പരാമർശിച്ചതേയില്ല. തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുമെന്ന് കരുതി കമ്പനി വരുന്നതിനെ സ്വാഗതം ചെയ്ത നിരക്ഷരകുക്ഷികളായ ജനങ്ങളുടെ ഉപജീവനം തന്നെ തടസ്സപ്പെട്ടതിനെക്കുറിച്ച് അദ്ദേഹം ആവലാതിപ്പെട്ടതേയില്ല. ഇന്ത്യയുടെ മറ്റ് ഗ്രാമഭാഗങ്ങളെപ്പോലെത്തന്നെ ഈ കുഗ്രാമവും തൊഴിലില്ലായ്മയും ജീവസുരക്ഷാഭീതിയും അഭിമുഖീകരിക്കുകയായിരുന്നു. സമൃദ്ധവും ശുദ്ധവുമായ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുമെന്ന്, ഒരിക്കലും ഒന്നും കിളിർക്കാത്തതായി മണ്ണിനെ മാറ്റുമെന്ന് അവർ ഒരിക്കലും ചിന്തിച്ചതേയില്ല. വെള്ളം കുടിക്കാനോ പാചകം ചെയ്യാനോ മാത്രമല്ല, കഴുകാനോ കുളിക്കാനോ പോലും പറ്റില്ലത്രേ. എന്നിട്ടും പ്രതാപിയായ അമേരിക്കൻ കമ്പനിയ്




ക്കെതിരെ ദുരിതമനുഭവിക്കുന്ന ദരിദ്രജനങ്ങളെ സാധുസ്ത്രീയായ മയിലമ്മ നയിച്ചു. നമ്മളിൽപ്പലരും അവരെയും ആ സമരത്തെയും പിന്താങ്ങി. ഇന്ത്യയ്ക്കകത്തും പുറത്തും അറിയപ്പെടുന്ന വീരവനിതയായി അവർ മാറി. അവർ പുകഴ്ത്തപ്പെടാത്ത രക്തസാക്ഷിയായി. ഫാക്ടറി താത്കാലികമായി പ്രവർത്തിക്കുന്നില്ലെങ്കിലും ശാശ്വതമായി അടച്ചു പൂട്ടിയിട്ടില്ല.

ഭോപ്പാൽ ദുരന്തത്തെക്കുറിച്ച് ധാരാളം എഴുതപ്പെട്ടിട്ടുണ്ട്. വാതക ച്ചോർച്ചയെ തുടർന്ന് പൊടുന്നനെ പൊലിഞ്ഞുപോയ ഇരുപതിനായിരത്തോളം മനുഷ്യജീവനുകളെക്കുറിച്ചെല്ലാം. അതവിടെ അവസാനിച്ചുവോ? പ്രതീക്ഷിക്കപ്പെട്ടതുപോലെ വിഷമയമായ ഖരമാലിന്യങ്ങൾ കെട്ടിക്കിടന്ന് ഇപ്പോഴും ജനങ്ങളുടെ ആരോഗ്യത്തെയും ജീവനെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. ജനാധിപത്യ ഇന്ത്യയുടെ കൂറ് ആരോടാണെന്ന് നിരവധി പേർ ഇതിനോടകം ചോദിച്ചു കഴിഞ്ഞു. രാഷ്ട്രീയക്കാരുടേയും വിചക്ഷണൻമാരുടേയും കേന്ദ്ര സംസ്ഥാനസർക്കാരുകളുടേയും സമഗ്ര ബുദ്ധി മുഴുവൻ കോർത്തെടുത്ത വികസനത്തിന്റെ രശ്മികൾ ഒരിക്കലും ചെന്നു വീഴാത്ത ജനങ്ങളോടോ അതോ രാജ്യത്തെ വിഭവങ്ങളെ നാനാവിധം ചൂഷണം ചെയ്യുന്ന വിദേശ നിക്ഷേപകരോടോ? ഈ പണ്ഡിതൻമാർക്കൊന്നും കുറ്റബോധമോ ബാദ്ധ്യതയോ അല്പം പോലുമില്ല. അതിൽ അത്ഭുതപ്പെടാനുമില്ല, കാരണം അവരുടെ ഗുരുക്കന്മാർ പണ്ടു ചെയ്തതും കൃത്യമായും ഇതുതന്നെയായിരുന്നു. 'ദരിദ്ര നിയമങ്ങൾ' പാസ്സാക്കപ്പെടും വരെ ഇംഗ്ലണ്ടിലും പാവങ്ങൾ ദൈവേച്ഛയാലെന്നവണ്ണം നികൃഷ്ടരായി പരിഗണിക്കപ്പെട്ടിരുന്നു. വൃദ്ധന്മാരും അതിൽപ്പെടും. വിവിധതരം സാമൂഹ്യസുരക്ഷകളെക്കുറിച്ച് പണ്ടു പറയുന്ന പല രാഷ്ട്രങ്ങളും സാമൂഹ്യ ശൃംഖലയിൽനിന്നും ദരിദ്രരെ അകറ്റിനിർത്തി. 'ആം ആദ്മി' തുടങ്ങിയ വാക്കുകൾ ഇടയ്ക്കിടെ പിറുപിറുക്കുന്ന നമ്മുടെ അധികാരികളെ ഇത് സമാശ്വസിപ്പിച്ചേക്കാം. അതോടൊപ്പം തന്നെ തൊഴിൽ, തൊഴിലില്ലായ്മ, ദാരിദ്ര്യനിലവാരം എന്നിവ പുന: നിർണ്ണയിക്കുന്നതുകൊണ്ട് ദരിദ്രരെയും തൊഴിലില്ലാത്തവരെയും രേഖകളിൽ കാണുകയുമില്ല. ഇത് പാവങ്ങളുടെ കൈവശമുള്ള തുണ്ടു നിലങ്ങൾ റാഞ്ചിയെടുക്കാനുള്ള സർക്കാർ അജണ്ട നടപ്പാക്കാൻ എളുപ്പമാക്കുകയും ഗ്രാമങ്ങളെ നഗരങ്ങളാക്കി മാറ്റുകയും ചെയ്യുന്നു. ഇതു തന്നെയാണ് നിക്ഷേപകരും ഫണ്ടിംഗ് ഏജൻസികളും ദേശ-വിദേശ ഭേദമേന്യേ ആവശ്യപ്പെടുന്നതും.

ഭോപ്പാലിലെപ്പോലത്തെ വികസനം മറ്റൊരു സ്ഥലത്ത് എങ്ങനെ കൈകാര്യം ചെയ്തു എന്നു നോക്കാം.

ഹിരോഷിമയിൽ ആറ്റം ബോംബിട്ടപ്പോൾ ആകാശത്തെ കീറിമുറിക്കുന്ന വെളിച്ചത്തോടെ ഭൂമിയുടെ അസ്ഥിവാരം ഉലയ്ക്കുന്ന കുലുക്കത്തോടെ ഹിരോഷിമ നിലത്തേക്കിരുന്നു. ഒരു നിമിഷത്തിൽ പട്ടണം ഒരു പിടിചാരവും കൽകഷ്ണങ്ങളുമായി മാറി... പിന്നെ, ഒരിക്കൽ മഹാനഗരമായിരുന്ന സ്ഥലത്തുനിന്ന് തീയിന്റെ ഒരു വലിയ കൂന മുകളിലോട്ടുയർന്നു. ഇതിനിടിയിൽ നിന്നും ചോരയൊലിപ്പിക്കുന്ന നഗ്ന ശരീരങ്ങൾ ചലിക്കാൻ തുടങ്ങി.... മനുഷ്യർ പൊടിയായി ബാഷ്പീകരിച്ചു.... നഗരത്തിന്റെ ജീവൻ രക്ഷാ സ്ഥാപനങ്ങൾ നശിപ്പിക്കപ്പെട്ടു. ഡോക്ടർമാരും നേഴ്സുമാരും കൊല്ലപ്പെട്ടു.

റേഡിയോ വികിരണ വിഷമായിരുന്നു ഏറ്റവും വലിയ പ്രശ്നം. ജനങ്ങൾ അജ്ഞാത കാരണങ്ങളാൽ മരിക്കുന്ന വാർത്തകൾ വിവിധ സ്ഥലങ്ങളിൽനിന്നും വരാൻ തുടങ്ങി. പൈശാചിക ആയുധമുപയോഗിച്ചു എന്നു വരുത്തിത്തീർക്കാനാണെന്നുപറഞ്ഞ് അമേരിക്ക ഈ ആരോപണങ്ങളെ നിഷേധിച്ചു.

1945 ആഗസ്റ്റ ആറിനാണ് ഹിരോഷിമയിൽ ബോംബു വീണത്. നാഗസാക്കിയിൽ ആഗസ്റ്റ് 9നും. കമ്മീഷനുകൾ നിയോഗിക്കപ്പെട്ടു. റിപ്പോർട്ടുകൾ എഴുതപ്പെട്ടു. സ്ഥാപിതതാത്പര്യക്കാരുടെ കൂലിശാസ്ത്രകാരന്മാർ പ്രാരംഭ സിദ്ധാന്തവുമായി വന്നു. പ്രാരംഭഘട്ടത്തിൽ വികിരണം സുരക്ഷിതമാണെന്നവർ വാദിച്ചു. ഭാഗ്യവശാൽ ഒരു ചെറു സമൂഹം ശാസ്ത്രജ്ഞർ ഇത് വിശ്വസിച്ചില്ല.

ചില പ്രമുഖ ശാസ്ത്രജ്ഞൻ കൂടി ഭാഗഭാക്കായ ആണവവിരുദ്ധ പ്രസ്ഥാനം മുമ്പേ ഇവിടെയുണ്ടായിരുന്നു. ഇതൊന്നും കണക്കിലെടുക്കാ

തെ ആണവ സൗകര്യങ്ങൾ– ആണവോർജ്ജം ആണവവ്യവസായം, ആണവ മാലിന്യം – എല്ലാം പല വിതാനങ്ങളിൽ പ്രചരിച്ചു. പരിസ്ഥിതിയെ വിഷമയമാക്കുന്നതിനു പുറമെ തീപ്പിടുത്തങ്ങൾ, ചോർച്ചാ അപകടങ്ങൾ എന്നിവയും ഇത് അർത്ഥമാക്കുന്നു. ഇതൊന്നും അവഗണിക്കാൻ സാധിയ്ക്കില്ല. ശാസ്ത്രജ്ഞൻമാരുടെ ചെറു സമൂഹത്തിനു പുറമെ സാധാരണ ജനങ്ങളും ആണവ പ്രചരണത്തിനെതിരെ മാസങ്ങളോളം നീണ്ടുനില്ക്കുന്ന പ്രതിരോധങ്ങൾക്ക് തയ്യാറായി. തീർച്ചയായും അവർക്ക് വിജയങ്ങളുണ്ടായി. പക്ഷേ അതു തുടരാനായില്ലെന്നതാണ് സത്യം. അധികാരത്തിനും പണത്തിനും വേണ്ടിയുള്ള ആർത്തി വല്ലാതെ വർദ്ധിച്ചിരിക്കുന്നു. ബി ടി വഴുതിനയുടെ കാര്യത്തിൽ മൊൺസാന്റോക്കെതിരെ ശക്തമായ എതിർപ്പു പ്രകടിപ്പിക്കാൻ സർക്കാരിനു കഴിഞ്ഞില്ലെന്നത് നമ്മൾ കണ്ടതാണ്.

'ജൈനാപൂർ ആണവപദ്ധതി – ജനങ്ങൾ നഷ്ടപരിഹാരം നിരാകരിച്ചു. ഞങ്ങൾ ഈ പദ്ധതിയോട് തീർത്തും എതിരായതുകൊണ്ട് പണമൊന്നും വേണ്ട.' എന്നൊരു വാർത്ത അടുത്തിടെ ഹിന്ദു ദിനപത്രത്തിൽ കണ്ടു. ഇത് നമ്മളെ സന്തോഷിപ്പിച്ചേക്കാം. എന്നാൽ കൂടുതൽ ജാഗ്രതയാണ് ഇത് നമ്മളെ ഓർമ്മപ്പെടുത്തുന്നത്. ഈ രാജ്യത്തിന്റെ പൈതൃകത്തെയും സമൃദ്ധിയെയും നാനാത്വത്തെയും ഇഷ്ടപ്പെടുന്നവരെയാണ് ഞാൻ ഉദ്ദേശിക്കുന്നത്.

നമ്മുടെ സർക്കാർ തത്വദീക്ഷയില്ലാതെ ആണവ സൗകര്യങ്ങൾക്കുവേണ്ടി മറ്റു രാജ്യങ്ങളുമായി കരാറിലേർപ്പെടുമ്പോൾ നാം വച്ചുപുലർത്തുന്ന നിശ്ശബ്ദതക്കെതിരെയുള്ള മുന്നറിയിപ്പുകൂടിയാണ് ഇത്. നമ്മുടെ ഊർജ്ജോല്പാദനം വർദ്ധിക്കുമെന്നും ദരിദ്രരുൾപ്പെടുന്ന ഗ്രാമീണരെ ഇത് സഹായിക്കുമെന്നുമായിരുന്നു ഭരണാധികാരികളുടെ വിശദീകരണം.

കാറ്റും തിരമാലകളും ഇഷ്ടം പോലെയുള്ള ഒരു രാജ്യത്ത് സൗരോർജ്ജത്തെ മാറ്റിനിർത്തിയാൽ പോലും ആണവ ഊർജ്ജം ആവശ്യമില്ല. പ്രത്യേകിച്ചും ജനാരോഗ്യത്തെയും പരിസ്ഥിതിയേയും ബാധിക്കുന്ന അതിന്റെ പാർശ്വഫലങ്ങൾ അറിയാമെന്നിരിക്കെ. ഊർജ്ജോല്പാദനത്തിന് മറ്റ് ബദൽ സംവിധാനങ്ങൾ ഇഷ്ടംപോലെയുണ്ട്. പക്ഷേ അപ്പോൾ, ആണവ സൂപ്പർക്ലബ്ബിൽ നമുക്ക് അംഗമാകാൻ പറ്റില്ല. രാജ്യത്തിന്റെ ലക്ഷ്യം അതാണോ? ഈ രാജ്യത്തെ ജനങ്ങൾ ഇന്ത്യ ഒരു വൻശക്തിയാകാൻ ആഗ്രഹിക്കുന്നുണ്ടോ? ഒരു ചെറിയ സമൂഹം അത് ഇഷ്ടപ്പെടുന്നുണ്ടാകാം. പക്ഷേ നാളെ തൊഴിലുണ്ടോ എന്നറിയാത്ത, കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കാനാകാത്ത, കുടിലെന്നുപോലും പറയാനാകാത്ത വാസസ്ഥലങ്ങളിൽ നിന്നും എപ്പോൾ കശക്കിയെറിയപ്പെടും എന്ന് പറയാനാകാത്ത എന്നും ഭീതിയിൽ കഴിയുന്ന ബഹുഭൂരിപക്ഷം ജനങ്ങൾ അത് ആഗ്രഹിക്കുന്നില്ല.

'വികസനം' എന്നതുകൊണ്ട് എന്താണ് നമ്മൾ അർത്ഥമാക്കുന്നതെന്ന് ഇവിടെയാണ് പരിശോധിക്കേണ്ടത്. സാങ്കേതികത, നിയന്ത്രണം എന്നിവയൊക്കെ ഉൾപ്പെടുന്ന പ്രത്യക്ഷ വിദേശ നിക്ഷേപവുമായി അതു ബന്ധപ്പെട്ടുകിടക്കുന്നു എന്നു നമുക്കറിയാം. വീതിയുള്ള റോഡുകൾ, ഫ്ളൈ ഓവറുകൾ, പുതുപുത്തൻ കാറുകളുടെ നീണ്ടനിരകൾ (പൊതു ഗതാഗതസൗകര്യങ്ങൾ ചുരുങ്ങിവരുന്നു) കച്ചവട കേന്ദ്രങ്ങൾ, പരസ്യ പ്രക്ഷേപണങ്ങൾ, സ്പോൺസർഷിപ്പ് സുരക്ഷാഭടന്മാരുള്ള ആവാസ സമുച്ചയങ്ങൾ എന്നിവയൊക്കെയാണ് ഇന്ന് വികസനചിഹ്നങ്ങൾ. യാഥാർത്ഥ ജീവിതവുമായി ബന്ധമില്ലാത്ത റിയാലിറ്റിഷോകളും അവയുടെ ഭാരിച്ച സമ്മാനതുകകളും ആക്രമവും പ്രണയവും കപടസൗഹൃദങ്ങളും നിറഞ്ഞ സീരിയലുകളും ജനങ്ങളെ ചുറ്റുപാടുകളോട് പ്രതികരിക്കാതെ മൂകമാക്കുന്നു.

സങ്കീർണ്ണമായ സാമൂഹ്യ രാഷ്ട്രീയ ബാദ്ധ്യതകളെ കണ്ടെത്തി അതിന് പരിഹാരം നിർദ്ദേശിക്കാൻ പ്രയത്നിക്കുന്ന വ്യക്തികളെയും സംഘടനകളെയും താഴ്ത്തിക്കെട്ടുകയല്ല. ദൗർഭാഗ്യവശാൽ അവർ സംഘടിതരല്ല, ഭരണാധികാരികൾക്ക് അവഗണിക്കാനാകാത്തവണ്ണം അവരുടെ ശബ്ദങ്ങൾ ഉച്ചസ്ഥായിയിൽ എത്തിയിട്ടില്ല.

നമുക്ക് അവരോട് ചോദിക്കാം. 'ഭോപ്പാൽ വാതകച്ചോർച്ചയുടേയും പ്ലാച്ചിമട കുടിവെള്ള മലിനീകരണത്തിന്റെയും എല്ലാ ചർച്ചകളും എഴുത്തുകളും നിരാകരിക്കുമ്പോൾ തന്നെ ഒരു മന്ത്രിയുടെയോ രാഷ്ട്രീയ നേതാവിന്റെയോ സുരക്ഷാക്രമീകരണത്തിലെ ചെറിയ പാളിച്ചപോലും എങ്ങനെയാണ് വലിയ വാർത്തയാകുന്നത്?"

ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു എന്നും എല്ലാവരുടേയും ആവശ്യത്തിനുള്ള വിഭവങ്ങൾ പ്രകൃതിയിലുണ്ടെന്നുമുള്ള ഗാന്ധിസൂക്തങ്ങൾ നാം ഇടയ്ക്കിടെ കേൾക്കാറുണ്ട്. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ ധനികരെ കൂടുതൽ ധനികരാക്കുന്ന ഇപ്പോഴത്തെ വികസനമാതൃക പൊളിച്ചുകളയേണ്ടതുണ്ട്. ഏതു തരം ജനങ്ങളാണോ ഇന്നുവരെ അകറ്റിനിർത്തപ്പെട്ടത്, അവരെ ലക്ഷ്യമാക്കിവേണം ഇനി വികസനപരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്. അത്തരമൊരു ലക്ഷ്യമാറ്റം ഗൗരവമായ ചിന്താപദ്ധതികൾ ആവശ്യപ്പെടുന്നുണ്ട്. പുതിയ നിർവ്വചനങ്ങൾ, മുൻഗണനകൾ, കാഴ്ചപ്പാടുകൾ എന്നിവയും. നമ്മുടെ രാജ്യത്ത് നേരത്തെ തയ്യാറാക്കിയ ഒരു മാതൃകയില്ല ഇക്കാര്യത്തിൽ വേണ്ടത്. കാലാവസ്ഥാ മാറ്റം, പരിസ്ഥിതി നാശം, വനവല്ക്കരണം, ഭക്ഷ്യസുരക്ഷ എന്നിവയെക്കുറിച്ചുള്ള ജാഗ്രതകൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ ഇത്തരം നിർണ്ണായകപ്രശ്നങ്ങളിലുള്ള ചർച്ചകൾ നമ്മുടെ ഉത്തരവാദിത്തമായിരിക്കുന്നു. വ്യത്യസ്ത ലോകത്തിനായുള്ള ബദലുകൾ വേണം എന്ന ആവശ്യം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ശക്തിപ്പെട്ടുന്നുണ്ട്. നമ്മളും പുറകോട്ടു പോകരുത്, ചർച്ചകൾ തുടങ്ങാൻ സമയമായി.

പരിഭാഷ: അജിതൻ

(കടപ്പാട്: മെയിൻസ്ട്രീം, ആഗസ്റ്റ്ലക്കം)